എന്നാൽ 22-1-2011-ലെ (എംഎസ്.) 5/2011/ഭവനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എം.എൻ. ലക്ഷംവീട് പുനർനിർമ്മാണ പദ്ധതിക്ക് അനുവദിക്കുന്ന മുഴുവൻ സബ്സിഡി തുകയും നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് ഭവന നിർമ്മാണ ബോർഡുവഴി നല്കാൻ ഉത്തരവായിട്ടുണ്ട്.

(ബി) ആലുവ നിയോജകമണ്ഡലത്തിലെ എടത്തല, കടങ്ങല്ലൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലായി യഥാക്രമം 14-ഉം, 24-ഉം വീടുകൾ പുനർനിർമ്മിക്കുന്നതിന് 5,25,000 രൂപയും 10,37,500 രൂപയും സർക്കാർ സബ്സിഡിയായി അനുവദിച്ചുനൽകിയിട്ടുണ്ട്.

ഇന്നോവേറ്റീവ് ഹൗസിംഗ് സ്കീം വഴിയുള്ള ഫ്ളാറ്റ് വിതരണം

211 (2243) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്നോവേറ്റീവ് ഹൗസിംഗ് സ്കീംവഴി എത്തൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതിവഴി നിർമ്മിക്കുന്ന ഫ്ളാറ്റുകൾ ആർക്കാണ് വിതരണം ചെയ്യുന്നത് ; ഇതിന്റെ മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) നഗരവികസന പ്രവർത്തനങ്ങളുടെ ഭാഗമായി നഗരത്തിൽ നിന്നും മാറ്റപ്പെടുകയും നഗരപ്രദേശങ്ങളിൽ ജോലി ചെയ്യുകയും നഗരാതിർത്തികൾക്ക് പുറത്ത്, ജോലി സ്ഥലങ്ങളിൽനിന്നും വളരെ ദൂരത്തായി താമസിക്കുന്നതിന് നിർബന്ധിതരാകുന്ന പാവപ്പെട്ട തൊഴിലാളികൾക്ക് വാടകയ്ക്ക് നൽകുവാൻ വേണ്ടി നഗരാതിർത്തിയിൽതന്നെ താമസ സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടി ഫ്ളാറ്റുകൾ സർക്കാർ ഭൂമിയിൽ നിർമ്മിക്കുന്ന പദ്ധതിയാണ് ഇന്നോവേറ്റീവ് (അത്താണി) ഹൗസിംഗ് സ്കീം. ഈ പദ്ധതിയുടെ ആദ്യഘട്ടമായി എറണാകുളത്ത് തൃക്കാക്കരയിൽ 36 ഫ്ളാറ്റുകളും തിരുവനന്തപുരത്ത് പൂജപ്പുരയിൽ 16 ഫ്ളാറ്റുകളും നിർമ്മിച്ചിട്ടുണ്ട്. പദ്ധതിയുടെ രണ്ടാം ഘട്ടമായി തൃശ്ശൂർ കുട്ടനെല്ലൂരിലും തിരുവനന്തപുരത്ത് പൂജപ്പുരയിലും 24 ഫ്ളാറ്റുകൾ വീതം നിർമ്മിച്ചുവരുന്നു. ഫ്ളാറ്റുകളുടെ വിതരണം സംബന്ധിച്ച മാനദണ്ഡം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly